പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2024 — 17.06.2014-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; ഈ പദ്ധതി അനുസരിച്ച് ഈ സർക്കാർ എത്ര ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകി; വിശദമാക്കുമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ആർ.ജി.ജി.വി.വൈ.) പ്രകാരമുള്ള പദ്ധതി പ്രവൃത്തികൾ വഴി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ 'മിഷൻ 676' ലക്ഷ്യമിട്ടിട്ടുണ്ട്. ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി മൊത്തം 69,436 വീടുകൾ വൈദ്യുതീകരിച്ചു കഴിഞ്ഞു. |
| (ബി) ഏതെല്ലാം ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി ; | (ബി) ആർ.ജി.ജി.വി.വൈ പദ്ധതി 2010-ൽ ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചു. ശേഷിക്കുന്ന എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രകാരം പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |
| (സി) ആലപ്പുഴ ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ; | (സി) ആലപ്പുഴ ജില്ലയിൽ ആർ.ജി.ജി.വി. വൈ. പദ്ധതി 30.09.2014 -ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര പേർക്ക് കണക്ഷൻ നൽകി ; വിശദാംശം നൽകുമോ ? | (ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വൈദ്യുതീകരിക്കുന്നതിനായി 317 അപേക്ഷകൾ ലഭിച്ചു. ഇതിൽ മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.